**2008 മാർച്ച് 21 മുതൽ 24 വരെ കൊച്ചിയിൽ നടന്ന ഉത്തരവാദിത്ത ടൂറിസം സമ്മേളനത്തിന്റെ ഏകപക്ഷീയ പ്രവണതകളോടും വിപണന തന്ത്രങ്ങളോടും പ്രതിഷേധിച്ചുകൊണ്ട് കേരളത്തിലെ വിവിധ സാമൂഹ്യ പ്രസ്ഥാനങ്ങൾ നടത്തിയ യോഗത്തിലെ ജനകീയ കൂട്ടായ്മയിലൂടെ പ്രഖ്യാപനം. കേരളം മുഴുവൻ ടൂറിസംകൊണ്ട് വികസിപ്പിക്കുന്ന മന്ത്രി കോടിയേരിയുടെ പ്രസ്താവനകളുടെ പശ്ചാത്തലത്തിൽ ഇത് ശ്രദ്ധിക്കേണ്ടതുണ്ട്.**

# ടൂറിസം വ്യവസായത്തിനുവേണ്ട ഉത്തരവാദിത്തങ്ങൾ

മൊഴിമാറ്റം : കാര്യാടൻ



2008 മാർച്ച് 22-ാം തീയതി എറണാകുളത്ത് വെച്ച് ഉത്തരവാദിത്തരഹിത ടൂറിസത്തിനെതിരെ മത്സ്യത്തൊഴിലാളികൾ ദളിതർ, സാമൂഹ്യ പ്രവർത്തകർ തുടങ്ങിയവരുടെ സംഘടനകളുടെ ശ്രമഫലമായുണ്ടായ കൺവെൻഷൻ കേരള ടൂറിസം വകുപ്പും ടൂറിസം വ്യവസായ ലോബിയും ചേർന്ന് കേരളത്തെ ഒരു ഉത്തരവാദിത്ത ടൂറിസം കേന്ദ്രമാക്കി പൊലിപ്പിക്കാനുള്ള കുത്സിതശ്രമത്തെ അപലപിക്കുന്നു. ടൂറിസം മേഖല ഉയർത്തുന്ന കൊച്ചിയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാത്ത പശ്ചാത്തലത്തിൽ പ്രത്യേകിച്ചും.

വലുതായി പൊലിപ്പിക്കപ്പെട്ട എറണാകുളത്ത് വെച്ച് നടന്ന ഉത്തരവാദിത്ത ടൂറിസം സമ്മേളനം സാമൂഹികവും പാരിസ്ഥിതികവും വൈകിരാകവുമായ യഥാർത്ഥ പ്രശ്നങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുന്നില്ല. ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ സ്ഥിരവാസികളുടെ പരിഗണനകളും ഉൽകണ്ഠകളും കാര്യമായെടുക്കുന്നില്ല. ഈ സമ്മേളനം ബന്ധപ്പെട്ട സാധാരണ ജനങ്ങളെ ഉൾക്കൊള്ളുന്നില്ല. അവർക്ക് പ്രാപ്യമാവുന്നില്ല. ഇത്തരക്കാരുടെ ഉത്തരവാദിത്തരാഹിത്യത്തെ നിയമവിധേയമാക്കുംവിധമുള്ള സർക്കാരിന്റെ പങ്കുചേരലിൽ ഞങ്ങൾ പ്രതിഷേധിക്കുന്നു. ഞങ്ങൾ ചോദിക്കുന്നു: സർക്കാർ ഉത്തരവാദിയായിരിക്കുന്നത് ആരോട്? ആരുടെ താല്പര്യമാണ് സർക്കാർ സംരക്ഷിക്കുന്നത്?

നിയന്ത്രണമില്ലാത്ത ടൂറിസം പ്രവർത്തനങ്ങൾകൊണ്ട് കുടിയിറക്കപ്പെട്ട, അധികാരഭ്രഷ്ടരായ ജീവിതമാർഗ്ഗം നിഷേധിക്കപ്പെട്ട സാധാരണക്കാരുടെ പ്രശ്നങ്ങൾ അഭിമുഖീകരിക്കുകയാണ് സർക്കാരിന്റെ പ്രാഥമിക കടമയെന്ന് ഞങ്ങൾ കരുതുന്നു.

ടൂറിസം വ്യവസായത്തിന്റെ വിതരണക്കാരും വിധേയരുമായിരിക്കാൻ തദ്ദേശവാസികളെ കിട്ടില്ലെന്ന് ഞങ്ങൾ വ്യക്തമാക്കാനുദ്ദേശിക്കുന്നു.

ഈ സാഹചര്യത്തിൽ താഴെപറയുന്ന കാര്യങ്ങളിൽ വേണ്ടത് ചെയ്യാനുള്ള ഉത്തരവാദിത്തബോധം സർക്കാരിനുണ്ടാവണം.

1. പ്രത്യേക ടൂറിസം മേഖലകൾ എന്ന പേരിൽ നാല് കേന്ദ്രങ്ങളിൽ പ്രാദേശിക സമൂഹത്തിനെ സാമ്പത്തിക ചൂഷണം ചെയ്യുന്നത് നിയമവിധേയമാക്കുന്ന ഉത്തരവ് പുനഃപരിശോധിക്കുക.

2. തീരദേശ നിയന്ത്രണം (CRZ) ലംഘിക്കുന്നത് തടയുക. തീരദേശ നിവാസികൾക്ക് നഷ്ടങ്ങളുണ്ടാക്കും വിധം ടൂറിസം ലോബിക്ക് വേണ്ടി തീരദേശ മാനേജ്മെന്റ് പരിപാടി (CZMP) എന്ന പല്ലില്ലാത്ത നിയമം കൊണ്ടുവരാനുള്ള കേരള ടൂറിസത്തിന്റെ ഉത്സാഹം അവസാനിപ്പിക്കുക.

3. സുനാമി ഫണ്ട് മുതലായവ ദുർവിനിയോഗം ചെയ്യുന്നതിൽനിന്ന് ടൂറിസം വകുപ്പ് പിന്തിരിയാൻ ഞങ്ങൾ ആവശ്യപ്പെടുന്നു.

4. വേമ്പനാട്ടുകായലിലെ കെട്ടുവള്ളങ്ങൾ നിയന്ത്രിക്കുക.

5. പ്രാദേശിക സമൂഹങ്ങളെ തീരുമാനങ്ങളെടുക്കുന്നതിലും പരിപാടികൾ ആസൂത്രണം ചെയ്യുന്നതിലും പങ്ക് ചേർക്കുക.

6. ബന്ധപ്പെട്ട ആളുകളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഓഡിറ്റിങ്ങ് ടൂറിസം പരിപാടികളിൽ മുറപ്രകാരം നടത്തുക.

7. വികൃതമാക്കിയ കലാരൂപങ്ങൾ അവതരിപ്പിക്കാതിരിക്കുക. തദ്ദേശീയരുടെ കലകളേയും നിർമ്മിതികളേയും പ്രോത്സാഹിപ്പിക്കുക.

8. കാടുകളിലേയും ജൈവബാഹുല്യപ്രധാനമായ പ്രദേശങ്ങളിലേയും ടൂറിസം പദ്ധതികൾ ഉപേക്ഷിക്കുക.

9. സ്വകാര്യ സംരംഭകരുടെ

ടൂറിസം സാഹസങ്ങളെ നിയന്ത്രിക്കാനുള്ള അധികാരം പഞ്ചായത്തുകൾക്കും സംസ്ഥാനത്തിനും തിരിച്ച് നല്കുക.

10. ടൂറിസം പ്രചരണഫണ്ടുകളുടെ ഉപയോഗം സുതാര്യമാക്കുക-സത്യസന്ധമാക്കുക.

11. അനാശാസ്യ പ്രവണതകളിലേക്ക് വഴുതിപ്പോകുന്ന ആയുർവ്വേദ, ആരോഗ്യ ടൂറിസത്തെ നിയന്ത്രിക്കുക.

12. തദ്ദേശീയ മത്സ്യതൊഴിലാളികൾക്ക് ജീവനോപാധി നല്കുമെന്നതിനാൽ കൃത്രിമ റീഫ് ടൂറിസത്തിന്റെ പേരിൽ കോവളത്ത് നടത്തുന്ന നിർമ്മാണ പ്രവർത്തനം ഉപേക്ഷിക്കുക.

13. ജൈവ വൈവിധ്യ മേഖലകളിൽ സന്ദർശകർ പ്രവേശിക്കുന്നത് തടയുക.

14. തദ്ദേശീയരുടെ ഭൂമി കൈമാറ്റം ചെയ്ത് ഗോൾഫ് ടൂറിസം തുടങ്ങുന്നത് തടയുക.

15. അരിയ്ക്കും പച്ചക്കറിക്കും ക്ഷാമം നേരിടുന്ന സാഹചര്യത്തിൽ ടൂറിസത്തിന് വേണ്ടി വയൽ നികത്തുന്നത് തടയുക.

16. നദീതീരങ്ങൾ വേലി കെട്ടി മറക്കുന്നത് നിയന്ത്രിക്കുക.

17. നദീതീരങ്ങളിൽ റിസോർട്ടുകൾ നിരോധിക്കുക. നിലവിലുള്ളവയെ നിയന്ത്രിക്കുക. മലിനജലം ശുദ്ധീകരിക്കൽ നിർബ്ബന്ധമാക്കുക.

18. ഭൂമിയിൽ വിദേശീയ നിക്ഷേപം നിയമം മൂലം നിരോധിക്കുക.

19. പഞ്ചായത്തീരാജിൽ വിനോദനികുതി പിരിക്കാനും നിശ്ചയിക്കാനുമുള്ള അവകാശം നൽകുന്ന നിയമം പുന:പ്രതിഷ്ഠിക്കുക.

20. ബന്ധപ്പെട്ട എല്ലാ വിഭാഗങ്ങളിൽ നിന്നുമുള്ളവരെ ഉൾപ്പെടുത്തി ഒരു ജനകീയ സമിതി ഉണ്ടാക്കി കേരള ടൂറിസത്തിന്റെ പ്രവർത്തനങ്ങൾ മറനീക്കി നോക്കാനുള്ള അവസരം കൊടുക്കുക.

സർക്കാരിന്റെ നയം ജനങ്ങളുടെ ഉപജീവനമാർഗ്ഗം സംരക്ഷിക്കലും അവരുടെ ജീവിതനിലവാരം ഉയർത്തലുമായിരിക്കണം. ഇപ്പോഴത്തെ നയം ന്യൂനപക്ഷത്തിന് സാമ്പത്തിക നേട്ടമുണ്ടാക്കലാണ്. മൂന്നാറിലെ ടൂറിസ വ്യവസായികളുടെ നിയമവിരുദ്ധ കയ്യേറ്റങ്ങളെ ഒഴിപ്പിക്കാനുള്ള നടപടി അലസിയതാണ് ഒടുവിലത്തെ ഉദാഹരണം. ടൂറിസം മാഫിയയുടെ സാമ്പത്തിക മുഷ്ടിക്ക് സർക്കാർ കീഴടങ്ങരുത്.

ടൂറിസം വകുപ്പിനോടോ ടൂറിസം വ്യവസായത്തോടോ ഞങ്ങൾ സൗജന്യം ആവശ്യപ്പെടുകയല്ല. രാജ്യത്തെ ഓരോ പൗരനുമുള്ള അവകാശമാണ് ഞങ്ങൾ ചോദിക്കുന്നത്. ജനങ്ങളെ ടൂറിസ്റ്റ് വിരുദ്ധരാക്കി ചിത്രീകരിക്കുന്നത് സത്യവിരുദ്ധമാണ്. പ്രാദേശീയ ജനവിഭാഗങ്ങളെ തുരത്തി, അധികാരഭ്രഷ്ടരാക്കി ഒറ്റപ്പെടുത്തുന്ന, മനുഷ്യാവകാശങ്ങളെ അവഗണിക്കുന്ന, നല്ല ജീവനത്തിനെ പരിഗണിക്കാതെ - സ്വകാര്യ ജീവിതത്തെ ഹനിക്കുന്ന, ടൂറിസം കേന്ദ്രങ്ങളുടെ സാമ്പത്തിക-സദാചാരങ്ങളെ തകർക്കുന്ന രീതികളോടാണ് ഞങ്ങളുടെ എതിർപ്പ്.

www.keralatourismwatch.org.

കേരളീയം

## പുസ്തകപ്രകാശനവും 10 – ാം വാർഷികം ആലോചനായോഗവും ജൂൺ 28 ശനിയാഴ്ച തൃശൂരിൽ

പ്രിയ സുഹൃത്തേ,

ആയിരത്തിതൊള്ളായിരത്തി തൊണ്ണൂറ്റി എട്ട് നവംബറിൽ പ്രസിദ്ധീകരണം ആരംഭിച്ച കേരളീയം പത്തു വർഷം പൂർത്തിയാക്കുകയാണ്. ജനകീയ പ്രതിരോധത്തിന്റെയും മനുഷ്യാവകാശ സംരക്ഷണത്തിന്റെയും പാരിസ്ഥിതിക വിവേകത്തന്റേയും മാദ്ധ്യമ ഇടപെടലായി കേരളീയം കേരളീയരുടെ മുൻപിൽ 131 ലക്കങ്ങൾ പിന്നിടുകയാണ്. ഏറെ പരിമിതികളോടെ ഒട്ടേറെ വെല്ലുവിളികളെ അഭിമുഖീകരിച്ച് പ്രതിസന്ധികളിലൂടെയുള്ള ഈ ജീവിതയാത്രയിൽ പത്തുവർഷങ്ങൾ അത്ര ചെറുക്കല്ലെന്ന് കരുതാമോ?

കേരളീയം വായനക്കാരുടെ മുന്നിൽ പ്രവർത്തകരുടെയും സുഹൃത്തുക്കളുടെയും കൂടുതൽ ഇടപെടലിനും മെച്ചപ്പെടലിനുള്ള പിൻതുണയുമായി കൈനീട്ടുന്നു. നമുക്കൊന്നു ഒത്തുകൂടാം. യോജിപ്പും, വിയോജിപ്പും പങ്കുവെക്കാം. ഊർജ്ജസ്വലമായി തുടരാനുള്ള സാദ്ധ്യതയാലോചിക്കാം. താങ്കളുണ്ടാകണം. ഒപ്പം സുഹൃത്തുക്കളെല്ലാം കൂട്ടണം. വരുമെന്ന പ്രതീക്ഷയിൽ.

സ്നേഹപൂർവ്വം, റോബിൻ

വേദി : തൃശൂർ വടക്കേ സ്റ്റാന്റിൽ **ശ്രദ്ധ ഹാൾ**
(പി.ജി. സെന്ററിനു സമീപം/ഭീമാ ജ്വല്ലറിക്കു എതിർവശം)

സമയം : **ജൂൺ 28 ശനിയാഴ്ച 2 മണി.**

ബന്ധങ്ങൾക്ക് : 9446576943, 9995196505, 9895458954

### സാമൂഹ്യ പ്രവർത്തകരുടെ ശ്രദ്ധയ്ക്ക്

കേരളത്തിലെ പൊതു വിഭവങ്ങൾക്കുവേണ്ടിയുള്ള ജനകീയ സമരങ്ങളേയും പൊതു പ്രശ്നങ്ങളേയും കേരളീയത്തിൽ പരിചയപ്പെടുത്തുന്നതിനും ബന്ധിപ്പിക്കുന്നതിനുംവേണ്ടി തുടർച്ചയായി ശ്രമിക്കുന്ന മാധ്യമമെന്നനിലയിൽ വലുതും ചെറുതുമായ എല്ലാ സമരങ്ങളുടെയും അറിയിപ്പുകൾ, നോട്ടീസുകൾ, പഠനവിവരങ്ങൾ, പത്രക്കട്ടിങ്ങുകൾ, ഫോട്ടോകൾ തുടങ്ങിയവ കേരളീയത്തിലേക്ക് അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു. പത്രമാധ്യമങ്ങളുടെ പ്രാദേശിക എഡിഷനുകൾ വന്നതോടുകൂടി ഒരു പൊതുപ്രശ്നം ജില്ലയ്ക്കകത്തുപോലും ചർച്ച ചെയ്യാതിരിക്കുന്ന സ്ഥിതിയിൽ അതറിയിക്കാനും ബന്ധിപ്പിക്കാനും സമരവിവരങ്ങൾ അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു.

വിലാസം
കേരളീയം, കൊക്കാലെ, തൃശൂർ-21.
ഫോൺ : 9446576943, 9895458954